ctabudarr@gmail.com



അബൂദർറ് എടയൂർ

# സൗമ്യത അലങ്കാരമാണ്, പരുഷത അഹങ്കാരവും

عَنْ عَائِشَةَ رضي الله عنها ، زَوْجِ النَّبِيِّ ﷺ، عن النَّبِيِّ ﷺ، قَالَ: إِنَّ الرِّفْقَ لاَ يَكُونُ فِي شَيْءٍ إِلَّا زَانَهُ، وَلاَ يُنْزَعُ مِنْ شَيْءٍ إِلَّا شَانَهُ

പ്രവാചക പത്നി ആഇശ(റ)യിൽ നിന്ന് നിവേദനം. പ്രവാചകൻ(സ) പറഞ്ഞു: യാതൊന്നിലും സൗമ്യതയുാകില്ല, അത് അതിനെ അലങ്കരിച്ചിട്ടല്ലാതെ. യാതൊന്നിൽ നിന്നും സൗമ്യത ഊരിപ്പോകുന്നില്ല, അതിനെ വിരൂപമാക്കിയിട്ടല്ലാതെ (മുസ്‌ലിം).

തഴുകിത്തലോടുന്ന വാക്കുകളിലൂടെയും സ്നേഹമസൃണമായ പെരുമാറ്റത്തിലൂടെയും അനുവദനീയമായ മേഖലകളിലെല്ലാം വിട്ടുവീഴ്ചയോടെ സംവദിക്കുമ്പോൾ നമ്മുടെ സാന്നിധ്യം ആർക്കും അരോചകമാവില്ല; എന്നല്ല മിക്ക ആളുകളും നമ്മുടെ സാമീപ്യം ആഗ്രഹിക്കുകയും ചെയ്യും. അതായിരുന്നല്ലോ നബി(സ)യുടെ വിജയരഹസ്യങ്ങളിലൊന്ന്. ഖുർആൻ തന്നെ പറയുന്നു: "പ്രവാചകരേ, താങ്കൾ വളരെ സൗമ്യശീലനായത് അല്ലാഹുവിങ്കൽ നിന്നുള്ള മഹത്തായ അനുഗ്രഹമാകുന്നു. താങ്കൾ കഠിനഹൃദയനായ പരുഷസ്വഭാവിയായിരുന്നെങ്കിൽ താങ്കളുടെ ചുറ്റുവട്ടത്ത് നിന്ന് അവരെല്ലാം പിരിഞ്ഞുപോയതുതന്നെ" (*ആലുഇംറാൻ* 159).

സൗമ്യതയുടെ ശ്രേഷ്ഠതയെ കുറിച്ച് പ്രവാചകൻ ആഇശ(റ)യോട് പറഞ്ഞു: "സൗമ്യതയിൽ നിന്ന് ഒരുവനുള്ള ഓഹരി അവന് നൽകപ്പെടുകയാണെങ്കിൽ ഇഹപര നന്മകളെല്ലാം അവന് നൽകപ്പെട്ടു. എന്നാൽ സൗമ്യതയിൽ നിന്ന് ഒരുവനുള്ള ഓഹരി അവന് നിഷേധിക്കപ്പെടുകയാണെങ്കിൽ ഇഹപര നന്മകളെല്ലാം അവന് നിഷേധിക്കപ്പെടുകയും ചെയ്തു" (അഹ്മദ്).

പരുഷമായ പെരുമാറ്റത്തിലൂടെ എന്തെങ്കിലും കാര്യം നേടാൻ ശ്രമിച്ചാൽ അത് സാധ്യമാവുമെങ്കിലും അതിന്റെ പേരിൽ അവിടെ ഒരു വെറുപ്പും അകൽച്ചയും ഉളവാകുകയാണ് ചെയ്യുക. എന്നാൽ, സൗമ്യമായിട്ടാണ് സംസാരിക്കുകയും പ്രവർത്തിക്കുകയും ചെയ്യുന്നതെങ്കിൽ സ്നേഹവും അടുപ്പവും വർധിക്കാൻ അത് കാരണമാവുന്നു. അല്ലാഹു ഇഷ്ടപ്പെടുന്ന ഗുണങ്ങളിലൊന്നാണ് സൗമ്യത. പ്രവാചകൻ പറഞ്ഞു: "ആഇശാ, നിശ്ചയം അല്ലാഹു സൗമ്യനാണ്. സൗമ്യത അവൻ ഇഷ്ടപ്പെടുന്നു. പരുഷതക്കും മറ്റും നൽകാത്തത് സൗമ്യതക്ക് അല്ലാഹു നൽകും" (മുസ്‌ലിം).

സൗമ്യമായി പെരുമാറുന്നവരോട് ആളുകൾ സ്വീകരിക്കുന്ന നിലപാട് നമുക്ക് അപരിചിതമല്ല. ഇബാദത്തുകളുടെ കാര്യത്തിൽ അയാൾ ഉന്നതമായ മാതൃകയാണ്, പക്ഷേ ആളുകൾ അയാളെ അടുപ്പിക്കില്ല എന്ന് ചിലരെ കുറിച്ച് പറയാറുണ്ട്. അഹംഭാവം അത്തരക്കാരെ ഹൃദ്യമായ പെരുമാറ്റത്തിൽ നിന്ന് അകറ്റി നിർത്തുന്നതാണ് കാരണം. ഇവിടെയാണ് സൗമ്യത അലങ്കാരമാണെന്ന പ്രവാചകമൊഴിയുടെ പ്രസക്തി നമുക്ക് ബോധ്യമാവുന്നത്. നരകത്തിൽ നിന്ന് നമ്മെ രക്ഷിക്കാൻ ശേഷിയുള്ള സ്വഭാവമാണ് സൗമ്യത എന്നും പ്രവാചകൻ പഠിപ്പിക്കുന്നു (തിർമിദി).

ഇമാം ഗസ്സാലി പറയുന്നു: "ജ്ഞാനം സത്യവിശ്വാസിയുടെ ചങ്ങാതിയും സഹനശീലം അവന്റെ മന്ത്രിയും ബുദ്ധി അവന്റെ വഴികാട്ടിയും സൽകർമം അവന്റെ പരിപാലകനും സൗമ്യത അവന്റെ പിതാവും ദയ അവന്റെ സഹോദരനും ക്ഷമ അവന്റെ സൈന്യങ്ങളുടെ നേതാവുമാണെന്ന് നബിയുടെ വാക്കായും സ്വഹാബിമാരുടെ വാക്കായും ഉദ്ധരിക്കപ്പെട്ടിട്ടുണ്ട്" (ഇഹ്‌യാ).

ഒരിക്കൽ പ്രവാചകനും പത്നി ആഇശ(റ)യും ഒരു യാത്രക്കൊരുങ്ങുകയായിരുന്നു. ആഇശ കയറിയ ഒട്ടകം സവാരി ചെയ്ത് പരിചയമില്ലാത്ത ഒന്നായിരുന്നു. അതിനാൽ നടക്കാൻ വിമുഖത കാട്ടിയ ആ ഒട്ടകത്തെ ആഇശ അടിക്കാൻ തുടങ്ങി. അന്നേരം പ്രവാചകൻ പറഞ്ഞു: "ആഇശാ, അതിനോട് സൗമ്യമായി പെരുമാറൂ." തുടർന്നാണ് തുടക്കത്തിൽ ഉദ്ധരിച്ച വാക്കുകൾ പ്രവാചകൻ മൊഴിഞ്ഞതെന്ന് പ്രസ്തുത ഹദീസിന്റെ ഇതര പാഠഭേദങ്ങൾ വ്യക്തമാക്കുന്നു. ഒരു മൃഗത്തോട് ഇങ്ങനെയാണ് പെരുമാറേണ്ടതെങ്കിൽ മനുഷ്യരോടുള്ള പെരുമാറ്റം എങ്ങനെയാവണമെന്ന് പറയേണ്ടതില്ലല്ലോ. സ്നേഹവും സഹാനുഭൂതിയും കനിവും അനുകമ്പയും കവിഞ്ഞൊഴുകുന്ന വിധം ആളുകളോട് പെരുമാറുമ്പോഴാണ് അത് ഹൃദ്യവും ആകർഷകവുമാകുന്നത്. നേരെ മറിച്ചുള്ള പെരുമാറ്റം വികൃതവും വിദ്വേഷജനകവുമായിരിക്കും.

സൗമ്യമായി പെരുമാറുന്നതാണ് പൗരുഷം. പരുഷത ദൗർബല്യമാണ്. അതിനാൽ വാക്കും പ്രവൃത്തിയും തേച്ചുമിനുക്കിയെടുക്കാൻ മുസ്‌ലിംകൾ, വിശേഷിച്ചും ഇസ്‌ലാമിക പ്രവർത്തകർ തയാറേകണ്ടതുണ്ട്. കർക്കശമായ നിലപാടുകൾ എടുക്കുമ്പോഴും അത് ശത്രുത ക്ഷണിച്ചുവരുത്തുന്ന വിധമാവരുത്. ദൗർഭാഗ്യകരമെന്ന് പറയട്ടെ, ഒന്നു മനംതുറന്ന് പുഞ്ചിരിക്കാൻ പോലും പിശുക്ക് കാണിക്കുന്നവരാണ് പലരും. യഥാർഥത്തിൽ സ്വന്തം മുഖം വികൃതമാക്കുകയാണ് അത്തരക്കാർ ചെയ്യുന്നതെന്ന് പ്രവാചകൻ ഉണർത്തുകയാണിവിടെ. അതിനാൽ മനുഷ്യരോട് മാത്രമല്ല, മൃഗങ്ങളോടുള്ള പെരുമാറ്റത്തിലും സൗമ്യത മുഖമുദ്രയാക്കുക. അത് നമ്മുടെ സൗന്ദര്യം വർധിപ്പിക്കും. ആ സൗന്ദര്യത്തിലേക്ക് ജനങ്ങൾ ആകൃഷ്ടരാവും. ഈ നില ആർജിക്കുന്നവർ മഹാ സൗഭാഗ്യവാന്മാരാണ്. സൗമ്യതയുടെ അഭാവത്തിൽ കടുത്ത ദുർഗന്ധമായിരിക്കും നമ്മിൽ നിന്ന് പുറത്തേക്ക് വരിക. അത് നമ്മെ നാണം കെടുത്തും. ആളുകൾ നമ്മിൽ നിന്ന് പരമാവധി അകലം പാലിക്കാൻ അത് കാരണമാവുകയും ചെയ്യും. ■